## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 5538 — 04.07.2013 -ൽ മറുപടിയ്ക്ക്

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ബെന്നി ബെഹനാൻ**<br>**ശ്രീ.കെ.ശിവദാസൻ നായർ**<br>**ശ്രീ.എം.എ.വാഹിദ്**<br>**ശ്രീ.അൻവർ സാദത്ത്** | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ഉദ്ദേശത്തോടെ, കേരള സർക്കാർ നടപ്പാക്കുന്ന അഡീഷണൽ സ്കിൽ എൻഹാൻസ്മെന്റ് പ്രോഗ്രാം എന്ന ബൃഹദ് പദ്ധതിയുടെ ഭാഗമായി എംപ്ലോയ്മെന്റ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന പദ്ധതിയാണ് എംപ്ലോയബിലിറ്റി സെന്റർ. ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കേന്ദ്രീകരിച്ച് നടപ്പാക്കുന്ന ഈ പദ്ധതി ഇപ്പോൾ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | തൊഴിൽ രഹിതരെ ഏതെങ്കിലും മേഖലയിൽ പ്രാപ്തരാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ തൊഴിൽപരമായ അഭിരുചിയും കഴിവും പലവിധ ടെസ്റ്റുകളിലൂടെ കണ്ടെത്തുന്നു. (ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് , സൈക്കോമെട്രിക് ടെസ്റ്റ് തുടങ്ങിയവയിലൂടെ ) അതനുസരിച്ച്, അവർക്കുള്ള കഴിവിലെ പോരായ്മകൾ കണ്ടെത്തി, കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പരിശീലനം നൽകുന്നു. എംപ്ലോയബിലിറ്റി സെന്ററുകൾക്കുള്ളിൽ നൽകാനാവാത്ത പരിശീലനം ആവശ്യമുള്ളപക്ഷം പുറത്തുള്ള ട്രയിനിംഗ് istitution ന്റെ സഹായത്തോടെയും നൽകുന്നു. കേരളത്തി |

| | | | |
|---|---|---|---|
| | | | നകത്തും പുറത്തുമുള്ള തൊഴിൽ ദാതാക്കളുമായി സഹകരിച്ചുകൊണ്ട് നേരിട്ടും ജോബ് ഫെസ്റ്റുകൾ സംഘടിപ്പിച്ചു കൊണ്ടും ഇപ്രകാരം പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നേടിക്കൊടുക്കുവാൻ അവസരം ഒരുക്കുന്നു. |
| (സി) | രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് പരിശീലനം നൽകുന്നതിനുള്ള വ്യവസ്ഥകൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വിശദമാക്കുമോ? | (സി) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്കാണ് ഇത്തരം പരിശീലനം ലഭിക്കുവാൻ യോഗ്യതയുള്ളത്. |

സെക്ഷൻ ഓഫീസർ